(സി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് നിയമാനുസൃതമുള്ള നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിലേക്കായി എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കഴിവതും സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി പുനരുദ്ധരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(സി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒരു സാമൂഹിക സുരക്ഷിതത്വ പദ്ധതിയിൽ കൊണ്ടുവന്ന് അതു പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം

102 [1282] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; അവ ഏതെല്ലാം; അതിൽ ആകെ എത്ര ജീവനക്കാർ ഉണ്ട്; ഇവരുടെ തസ്തികകൾ തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഇവയിൽ പട്ടികജാതി- പട്ടികവർഗ്ഗക്കാർ എത്രയെന്ന് തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(സി) നിശ്ചിത ശതമാനം പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഇല്ലാത്ത സ്ഥാപനങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി അവ നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2002-2003-ലെ കണക്ക് അനുസരിച്ച് കേരളത്തിൽ 113 പൊതുമേഖലാ സ്ഥാപനങ്ങളാണുള്ളത്. 2002-2003-ലെ റിവ്യൂ പ്രകാരം മൊത്തം 115,697 ജീവനക്കാരാണുള്ളത്. തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചു വരുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം അവലോകനം ചെയ്ത് കുറവുള്ള തസ്തികകളിൽ പ്രത്യേക നിയമനം നടത്തിവരുന്നുണ്ട്.

സ്വകാര്യമേഖലയ്ക്ക് കൈമാറിയ പൊതുമേഖലാ സ്ഥാപനങ്ങൾ

103 [1283] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയോ സ്വകാര്യ മേഖലയ്ക്കു കൈമാറുകയോ ചെയ്തിട്ടുണ്ട്;

(ബി) ഏതെല്ലാം സ്ഥാപനങ്ങളുടെ ഭൂമിയും സ്വത്തും കൈമാറ്റം നടത്താൻ ഉദ്ദേശിച്ചിരുന്നു; ഇതിൽ ഏതെല്ലാം കൈമാറ്റം നടത്തി; വിശദമാക്കാമോ;

(സി) എത്ര തൊഴിലാളികൾക്ക് ഈ നയത്തിന്റെ ഭാഗമായി ജോലി നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർ സ്വയം പിരിഞ്ഞുപോയിട്ടുണ്ട്; സ്ഥാപനം തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അടച്ചു പൂട്ടിയ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

(1) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(2) കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.

(3) കേരള സിറാമിക്സിന്റെ പോർസലൈൻ ഡിവിഷൻ

(4) മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്.

(5) കേരള കൺസ്ട്രക്ഷൻ കംപോണന്റ്സ്.

(6) മെട്രോപോളിറ്റൻ എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ്.

(7) കെൽട്രോൺ റെക്ടിഫയേഴ്സ് .

(8) സ്കൂട്ടേഴ്സ് കേരള ലിമിറ്റഡ്.

LIBRARY ARCHIVES Kerala Legislative Assembly